**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2698** — **17.10.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പാലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിനെതിരെയുള്ള പോലീസ് കേസുകൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പാവപ്പെട്ട ഇടത്തരം ചെറുകിട റബ്ബർ കർഷകരുടെ ആശ്രയമായിരുന്ന പാലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘവും, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘവും കർഷകർക്ക് കോടിക്കണക്കിന് തുക റബ്ബർ ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ നൽകുവാനുണ്ടെന്നുള്ളത് സംബന്ധിച്ച് നിലവിൽ എത്ര പോലീസ് കേസുകൾ ഉണ്ടെന്ന് വിശദമാക്കുമോ; | (എ) പാലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിൽ ടി വിഷയത്തിൽ പോലീസ് കേസുകൾ ഒന്നും ഇല്ല.<br>മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിനെതിരെ രണ്ട് പോലീസ് കേസുകൾ ഉണ്ട്. |
| (ബി) ഈ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് പാവപ്പെട്ട കർഷകർക്ക് നൽകുവാനുള്ള തുക അവർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) സംഘങ്ങൾക്കെതിരെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നു വരുന്നു. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് ടി സഹകരണ സംഘത്തിന്റെ അഴിമതിയ്ക്കെതിരെ നൽകിയ പരാതികളിൽ നടപടി സ്വീകരിക്കാതിരിക്കാൻ മുൻമന്ത്രിസഭയിലെ ഒരു അംഗം ഇടപെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൻമേൽ നീതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കാൻ സർക്കാർ തയ്യാറാകുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) 2016 മെയ് 14-ാം തീയതി സംഘം ഓഫീസുകൾ അവധിയായിരുന്നിട്ടും യു.ഡി.എഫ്. സ്ഥാനാർത്ഥിയ്ക്ക് വോട്ട് ഉറപ്പിയ്ക്കാൻ വേണ്ടി പാലാ നിയോജക മണ്ഡലത്തിലെ റബ്ബർ കർഷകർക്ക് മാത്രമായി ഒരു കോടിയോളം രൂപാ സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ വിതരണം ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) 2016 മേയ് മാസം 14-ാം തീയതി സംഘം ആഫീസിന് പ്രവർത്തിദിനം ആയിരുന്നു. സംഘം തുകകൾ നൽകുവാനുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. |
| (ഇ) ഉണ്ടെങ്കിൽ നിയമവിരുദ്ധമായി യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് വോട്ടു പിടിയ്ക്കുവാൻ വേണ്ടി ഈ പണ വിതരണം നടത്തിയ സംഘങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിയ്ക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ